# AMRITA VIDYALAYAM
## HALF YEARLY EXAMINATION 2018 - '19

**Class : VII** **Marks : 80**
**Time : 2½ hrs**

# മലയാളം

| GENERAL INSTRUCTIONS: | |
|---|---|
| Section A: Reading comprehension | - 10 Marks. |
| Section B: Writing | - 16 Marks. |
| Section C: Grammar | - 17 Marks. |
| Section D: Literature | - 37 Marks. |

**പാരായണ വിഭാഗം**

**I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

ചടങ്ങുകൾക്കും ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും നമ്മുടെ നാട്ടിൽ പ്രത്യേക വിഭവങ്ങളുണ്ടാക്കുന്ന പതിവുണ്ട്. അവയിൽ ചിലവ പരിചയപ്പെടാം. ശർക്കരയിട്ടുവേവിച്ച പഴം നുറുക്കും പൂവടയുമാണ് തിരുവോണദിവസത്തെ പ്രാതൽ. അരിപ്പൊടി, തേങ്ങ, തുമ്പപ്പൂവ് എന്നിവചേർത്ത് കുഴച്ച് വാഴയിലയിൽ പരത്തി ശർക്കരയും തേങ്ങയും നിറച്ചു മടക്കി പൂവടയുണ്ടാക്കും. ഇത് ആദ്യം മഹാബലിക്ക് നിവേദിക്കും. തിരുവോണത്തിന് ഏത്തക്കായ വട്ടത്തിൽ നുറുക്കി വറുക്കുന്നതിന് 'ആമാട' എന്നാണ് പറയുക. ശിവരാത്രി, നവരാത്രി, കാർത്തിക തുടങ്ങിയ വിശേഷദിവസങ്ങളിൽ അട പുഴുങ്ങി നിവേദിച്ചതാണ് കഴിക്കുക. നവരാത്രി വിശേഷാൽ വിഭവമാണ് തെരളിയപ്പം.

വൃശ്ചികമാസത്തിലെ കാർത്തികവിളക്കിന് കാച്ചിൽ, നനകിഴങ്ങ്, ചെറുകിഴങ്ങ് മുതലായവ വേവിച്ചതും കരിക്കും

കഴിക്കണമെന്നാണ്. അരിമാവും കരിപ്പെട്ടിച്ചക്കരയും നല്ലെണ്ണയും ചേർത്ത മാവുണ്ടയും പ്രധാനമാണ്.

കാച്ചിൽ, കൂർക്ക, ചേന, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, കാട്ടുചേമ്പ്, ചേമ്പ്, നേന്ത്രക്കായ എന്നിവ ചുട്ട് തോൽകളഞ്ഞതും ശർക്കര പാവുകാച്ചി വൻപയർ, എള്ള്, കടല എന്നിവ വറുത്തതും ചോളപ്പൊടിയും തേങ്ങയും ചേർത്ത് ഇളക്കിയെടുക്കുന്നതാണ് എട്ടങ്ങാടി നിവേദ്യം. തിരുവാതിരപ്പുഴുക്കും അന്നത്തെ പ്രത്യേക വിഭവമാണ്.

ചീപോതി പൂജയ്ക്ക് താളുകറി പ്രധാനമാണ്. അതുപോലെ വറുത്ത അരി വേവിച്ച് ഉപ്പും തേങ്ങയും ചേർത്തുണ്ടാക്കുന്ന അരിങ്ങാട് തെയ്യങ്ങൾക്കുള്ള നിവേദ്യമാണ്.

**ചോദ്യങ്ങൾ.** **10**

1. എട്ടങ്ങാടി നിവേദ്യം ഉണ്ടാക്കുന്നതെങ്ങിനെ?
2. കാർത്തിക വിളക്കിന് എന്തു കഴിക്കണമെന്നാണ് പറയാറ്?
3. തെയ്യങ്ങൾക്കുള്ള നിവേദ്യത്തിന് പറയുന്ന പേരെന്ത്?
4. ആമാട എന്നാലെന്ത്?
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ഒരു തലക്കെട്ട് നൽകുക.

## രചനാ വിഭാഗം

**II. ആശയം വിപുലീകരിച്ച് എഴുതുക.** **8**

“മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും...
കല്ലിനുമുണ്ടാമൊരു സൗരഭ്യം”

**III. രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** **8**

പ്രകൃതി പൂത്തളികകളിൽ തേൻ നിറച്ച് കാത്തുനിൽക്കുന്ന അമ്മയാണെന്ന് “പൂമ്പാറ്റയോട്” എന്ന പാഠഭാഗത്തെ ആസ്പദമാക്കി ഉപന്യസിക്കുക.

## വ്യാകരണവിഭാഗം

**IV. അംഗ-അംഗിവാക്യം വേർതിരിച്ച് എഴുതുക.** **1**

മനുഷ്യന്റെ ആചാരങ്ങൾ പരിശോധിച്ചാൽ മിക്കവയും പുഴയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നു കാണാം.

**V. പ്രയോഗം മാറ്റുക.** **1**

പഞ്ചനദികളാണ് പഞ്ചാബിനെ സൃഷ്ടിച്ചത്.

**VI. വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **1**

പ്രകൃതി തന്ന ഈ സൗഭാഗ്യം നാം നശിപ്പിച്ചാൽ,
കേടുവരുത്തിയാൽ തീർച്ചയായും ഉറപ്പായും മരുഭൂമിയിൽ
ഉഴലുന്ന മനുഷ്യരാവും നമ്മൾ.

**VII. അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാറ്റി മാറ്റുക.** **1**

എൻമണിക്കുട്ടനു വാഴാനൊരു നന്മലർത്തോട്ടവും നൽകി.

**VIII. 'സ്വീകരിക്കുക' എന്ന പദത്തിന്റെ എതിർപദം.** **1**

(നിരീക്ഷിക്കുക, തിരസ്കരിക്കുക, സാധൂകരിക്കുക)

**IX. 'ചിദ്രൂപം' എന്ന പദത്തിന്റെ അർത്ഥം എഴുതുക.** **1**

(ചിദ്രൂപന്റെ ആകാരം, ലോകത്തിന്റെ ഈശ്വരൻ,
കൈയിലെ തഴമ്പ്)

**X. സമാനപദം അല്ലാത്തത് കണ്ടെത്തുക.** **1**

(മെയ്യ്, ഗാത്രം, ആനനം, വപുസ്സ്)

**XI. ബഹുവചനരൂപമെഴുതുക.** **1**

1. പൂമ്പാറ്റ     2. ചങ്ങാതി

**XII. ഒറ്റപ്പദം എഴുതുക.** **1**

ധർമ്മം ചെയ്യുന്നവൻ

**XIII. വാക്യത്തിൽ പ്രയോഗിക്കുക.** **1**

നന്മ

**XIV. നാനാർഥപദങ്ങൾ എഴുതുക.** **1**

ഭദ്രം

**XV. പിരിച്ചെഴുതി സന്ധി നിർണയിക്കുക.** **3**

1. ചെന്തളിർ     2. മുഖരമായ     3. തിരിച്ചറിവ്

**XVI. വിഗ്രഹിച്ച് സമാസം നിർണയിക്കുക.** **3**

1. ചെന്താമരക്കണ്ണൻ     2. പൈദാഹം     3. പവിത്രബന്ധം

## സാഹിത്യവിഭാഗം

**XVII. ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.** **3**

1. "പാരാതെ ചെന്നെതിരേറ്റു" – ആര്?
   (ഭക്തൻ, ശ്രീകൃഷ്ണൻ, കുചേലൻ)
2. ചിത്രപതംഗത്തിന്റെ ശരീരം എന്തുകൊണ്ടു നിർമ്മിച്ചതാണെന്നാണ് പറയുന്നത്?
   (മഴവില്ലിന്റെ ചാറുകൊണ്ട്, സന്തോഷത്തിന്റെ രസം കൊണ്ട്, ഇളം ചെമന്ന തളിരുകൊണ്ട്)
3. 'ചങ്ങാതി കണ്ടപ്പോൾ' എന്ന കവിത ഏതു വിഭാഗത്തിൽപ്പെടുന്നു?
   (ഓട്ടൻതുള്ളൽ, നാടൻപാട്ട്, വഞ്ചിപ്പാട്ട്)
4. ലോകജലദിനമായി ആചരിക്കുന്നതെന്ന്?
   (മാർച്ച് 21, മാർച്ച് 22, മാർച്ച് 23)
5. ശരിയായ രൂപം ഏത്?
   (അടിമത്തം, അടിമത്വം, അടിമത്ത്വം)
6. ബ്രാഹ്മണൻ എന്നർത്ഥം വരുന്ന പദം?
   (അന്തണൻ, പതി, ചങ്ങാതി)

OR

അക്ഷരാർത്ഥത്തിൽ ആദിദേശക്കാർ ഏതു കവിത കേട്ടപ്പോഴാണ് ഞെട്ടിപ്പോയത്?
(ചൂട്, വ്യഥ, രാത്രിമഴ)

**XVIII. പാഠപുസ്തകത്തിലേതുപോലെ പൂരിപ്പിക്കുക.** **3**

"തേനമൃതം ........................... ഭാഗ്യമേ ഭാഗ്യം."

**XIX. ഉത്തരമെഴുതുക.** **28**

1. "നിൻഭാഗ്യമേ ഭാഗ്യം" – എന്ന് കവി പറയാൻ കാരണമെന്ത്?
2. കണ്ണൻ ചങ്ങാതിയെ എതിരേറ്റത് എങ്ങനെ?
3. ഉല്ലസിച്ച് പാറി നടക്കുന്ന ശലഭത്തോട് കവി നടത്തുന്ന സങ്കൽപസല്ലാപങ്ങൾ എന്തെല്ലാം?
4. ശ്രീകൃഷ്ണനെ കാണാൻ പോകുന്ന കുചേലന്റെ രൂപം

വർണ്ണിക്കുക.

5. ജീവന്റെ താളമായിരുന്ന പുഴകൾ രോഗവാഹിനികളായി മാറിയതെന്തുകൊണ്ട് ? പരിഹാരങ്ങൾ എന്തെല്ലാം?
6. "ഈ പരമാർഥം എപ്പോഴും ഓർക്കുന്നത് നല്ലതാണെ" ന്നാണ് ബഷീർ പറയുന്നത്. ഏതു പരമാർഥം?
7. "അമ്മ" എന്ന വിളി വൃദ്ധയിലുണ്ടാക്കിയ ചിന്തകൾ എന്തെല്ലാം?

OR

ആദിദേശക്കാർ എങ്ങനെയാണ് ആ ഗ്രാമത്തിൽ പുഴയുണ്ടെന്ന് മനസ്സിലാക്കിയത് ?

**XX.** റോഡപകടത്തിൽ വൃദ്ധയെ രക്ഷിക്കാൻ ശ്രമിച്ച പാൽക്കാരന്റെയും ടാക്സി ഡ്രൈവറുടെയും മനുഷ്യത്വമുള്ള നടപടി ജനങ്ങളിൽ എത്തിക്കാൻവേണ്ടി ഒരു പത്രവാർത്ത തയ്യാറാക്കുക. **3**

അല്ലെങ്കിൽ

പുഴയെക്കുറിച്ച് 3 പഴഞ്ചൊല്ലുകൾ എഴുതുക.

അല്ലെങ്കിൽ

ആദിദേശക്കാർ ആ ഗ്രാമത്തിൽ പുഴയുണ്ടെന്ന് മനസ്സിലാക്കിയത് ജനങ്ങളിലെത്തിക്കാൻ നല്ലൊരു പോസ്റ്റർ തയ്യാറാക്കുക.